REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാന ഗവൺമെൻറ് നിയമിച്ച മുനമ്പം ജുഡീഷ്യൽ കമ്മീഷന് തൽക്കാലം പ്രവർത്തനം തുടരാമെന്ന് ഹൈക്കോടതി.**
- **ഇന്ന് ലോകാരോഗ്യദിനം. ആരോഗ്യകരമായ ലോകം കെട്ടിപ്പടുക്കുന്നതിന് എല്ലാവരും പ്രതിജ്ഞാബദ്ധരാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **പ്രധാനമന്ത്രി മുദ്രാ യോജനക്ക് കീഴിൽ 52 കോടിയിലധികം വായ്പകൾ അനുവദിച്ചതായി കേന്ദ്രഗവൺമെന്റ്.**
- **സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി മന്ത്രി V.ശിവൻകുട്ടി വൈകിട്ട് ചർച്ച നടത്തും.**
- **ISL ഫുട്ബോളിൽ രണ്ടാം സെമിയിൽ മോഹൻ ബഗാൻ, ജംഷഡ്പൂർ FC പോരാട്ടം വൈകിട്ട് ഏഴരയ്ക്ക്.**

## വാർത്തകൾ വിശദമായി

സംസ്ഥാന ഗവൺമെൻറ് നിയമിച്ച മുനമ്പം ജുഡീഷ്യൽ കമ്മീഷന് തൽക്കാലം പ്രവർത്തനം തുടരാമെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. കമ്മീഷൻ നിയമനം റദ്ദാക്കിയ സിംഗിൾ ബെഞ്ച് നടപടി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ സംസ്ഥാന ഗവൺമെൻറ് സമർപ്പിച്ച അപ്പീലിലാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് S മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഇടക്കാല ഉത്തരവ്. അപ്പീൽ,

ഡിവിഷൻ ബെഞ്ച് വേനൽ അവധിക്ക് ശേഷം ജൂൺ 16ന് വീണ്ടും പരിഗണിക്കും. ജുഡീഷ്യൽ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ, കോടതിയുടെ അനുമതിയില്ലാതെ നടപടി എടുക്കരുതെന്നും ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു.

✪✪✪

ഇന്ന് ലോകാരോഗ്യ ദിനം. ജനങ്ങളിൽ ആരോഗ്യ അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. 1948-ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ വാർഷികം കൂടിയാണിന്ന്.

"ആരോഗ്യകരമായ തുടക്കം, പ്രതീക്ഷാ നിർഭരമായ ഭാവി" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. അമ്മയുടേയും നവജാത ശിശുക്കളുടേയും ആരോഗ്യമാണ് ഇത്തവണത്തെ ലോകാരോഗ്യ ദിന വിഷയം.

ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ 2022-2023 വർഷങ്ങളിലെ മികച്ച ഡോക്ടർ അവാർഡുകൾ വീണാജോർജ് സമ്മാനിക്കും. ഗവണ്മെന്റ് ആശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

✪✪✪

ലോകാരോഗ്യ ദിനത്തിൽ, ആരോഗ്യകരമായ ലോകം കെട്ടിപ്പടുക്കുന്നതിന് എല്ലാവരും പ്രതിജ്ഞാബദ്ധരാക ണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. ആരോഗ്യ സംരക്ഷണത്തിൽ കേന്ദ്രഗവണ്മെന്റ് തുടർന്നും ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും ജനങ്ങളുടെ ക്ഷേമത്തിന് കൂടുതൽ മേഖലകളിൽ നിക്ഷേപങ്ങൾ നടത്തുമെന്നും പ്രധാനമന്ത്രി ലോക ആരോഗ്യദിന സന്ദേശത്തിൽ അറിയിച്ചു. സമൂഹിക അഭിവൃദ്ധിയുടെ അടിത്തറ നല്ല ആരോഗ്യമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. 2050 ആകുമ്പോഴേക്കും 44 കോടി ഇന്ത്യക്കാർ അമിതവണ്ണത്താൽ ബുദ്ധിമുട്ടുമെന്ന് കരുതുന്നതായും ഭക്ഷണത്തിലെ എണ്ണയുടെ ഉപയോഗം 10 ശതമാനമെങ്കിലും കുറയ്ക്കണമെന്നും വ്യായാമം ജീവിതശൈലിയുടെ ഭാഗമാക്കണമെന്നും പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. വികസിത് ഭാരത ലക്ഷ്യത്തിലേക്ക് ഓരോ പൗരന്റെയും സംഭാവനയായിരിക്കണം ഈ ശ്രമങ്ങളെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ലോകാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെയും കണ്ണൂർ കൃഷ്ണ മേനോൻ സ്മാരക ഗവൺമെൻറ് വനിതാ കോളേജ് NSS യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ വനിതാ കോളേജിൽ സംഘടിപ്പിച്ച പരിപാടി KV സുമേഷ് MLA ഉദ്ഘാടനം ചെയ്തു. പ്രസവസമയത്തെ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം എന്ന വിഷയത്തിൽ പാനൽ ചർച്ചയും സംഘടിപ്പിച്ചു.

✪✪✪

പ്രധാനമന്ത്രി മുദ്രാ യോജനക്ക് കീഴിൽ 32 ലക്ഷം കോടിയിലധികം രൂപയുടെ 52 കോടിയിലധികം വായ്പകൾ ഇതുവരെ അനുവദിച്ചതായി കേന്ദ്രഗവൺമെന്റ് വ്യക്തമാക്കി. സംരംഭകരെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷികേതര ചെറുകിട സൂക്ഷ്മ സംരംഭങ്ങൾക്ക് പത്ത് ലക്ഷം രൂപ വരെ ഈടില്ലാത്ത വായ്പ നൽകുന്ന പദ്ധതി 2015ലാണ് ആരംഭിച്ചത്. മുദ്രാ ലോണുകളുടെ 70 ശതമാനവും വനിതാ സംരംഭകർ പ്രയോജനപ്പെടുത്തിയതായും സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിലൂടെ അവർ ലിംഗസമത്വത്തിന് സംഭാവന നൽകിയതായും കേന്ദ്രഗവൺമെന്റ് അറിയിച്ചു.

✪✪✪

പാലക്കാട് മുണ്ടൂരിൽ കാട്ടാന ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ പ്രദേശവാസികൾ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ പ്രതിഷേധിച്ചു. സംഭവത്തിൽ പ്രതിഷേധിച്ച് CPIM മുണ്ടൂർ പഞ്ചായത്തിൽ ഹർത്താൽ നടത്തുകയാണ്. BJP മലമ്പുഴ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ DFO ഓഫീസിലേക്ക് മാർച്ച് നടത്തി. കോൺഗ്രസും സംഭവത്തിൽ പ്രതിഷേധിച്ച് DFO ഓഫീസ് മാർച്ച് സംഘടിപ്പിച്ചു. ഇന്നലെ രാത്രിയാണ് മുണ്ടൂരിൽ കാട്ടാനയാക്രമണത്തിൽ കയറാംകോട് സ്വദേശി അലൻ കൊല്ലപ്പെട്ടത്. അലനൊപ്പമുണ്ടായിരുന്ന മാതാവ് വിജി പരിക്കുകളോടെ തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്.

✪✪✪

മുണ്ടൂരിൽ കാട്ടാനയാക്രമണത്തിൽ യുവാവ് മരിക്കാനിടയായ സംഭവത്തിൽ വനംവകുപ്പിന് വീഴ്ചയുണ്ടായോ എന്ന് പരിശോധിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ. ആനയിറങ്ങുന്നത് ജനങ്ങളെ മുൻകൂട്ടി അറിയിക്കാൻ അധികൃതർക്ക് കഴിഞ്ഞില്ലെന്ന പരാതി ഗൗരവത്തോടെയെടുക്കുമെന്നും മന്ത്രി മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യുന്ന ആശാ വർക്കർമാരുടെ പ്രതിനിധികളുമായി മന്ത്രി V.ശിവൻകുട്ടി ഇന്ന് ചർച്ച നടത്തും. തിരുവനന്തപുരത്ത് വൈകിട്ട് മന്ത്രിയുടെ ചേംബറിലാണ് കൂടിക്കാഴ്ച്ച. കൂടിക്കാഴ്ച അനുവദിക്കണമെന്ന സമരനേതാക്കളുടെ ആവശ്യം മന്ത്രി അംഗീകരിക്കുകയായിരുന്നു.

ഗവൺമെന്റും സമരക്കാരും തമ്മിൽ മൂന്ന് തവണ ചർച്ച നടന്നെങ്കിലും പ്രശ്നത്തിന് പരിഹാരമായിരുന്നില്ല.

അതേ സമയം ആശമാരുടെ രാപ്പകൽ സമരം ഇന്ന് 57-ാം ദിവസത്തിലേയ്ക്കും അനിശ്ചികാല നിരാഹാര സമരം 19-ാം ദിവസത്തിലേക്കും കടന്നു.

✪✪✪

തമിഴ്നാട് മന്ത്രി KN നെഹ്റു, സഹോദരൻ മണിവണ്ണൻ, KN നെഹ്റുവിന്റെ മകനും പാർലമെന്റ് അംഗവുമായ അരുൺ എന്നിവരുടെ വസതികളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ റെയ്ഡ് നടത്തുന്നു. മണിവണ്ണന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളിലും റെയ്ഡ് നടക്കുന്നുണ്ട്.

ചെന്നൈ, കോയമ്പത്തൂർ തുടങ്ങി വിവിധയിടങ്ങളിൽ ഇന്ന് പുലർച്ചെ ആരംഭിച്ച റെയ്ഡ് തുടരുകയാണ്.

✪✪✪

അമേരിക്കയിൽ ട്രംപിന്റെ താരിഫ് നയത്തിന്റെ ഭാഗമായി ലോകത്തെ ഓഹരിവിപണികളിൽ വൻ തകർച്ച. ഇന്ത്യൻ വിപണികളിൽ സെൻസെക്സ് ഇന്ന് 3000 പോയിന്റാണ് ഇടിഞ്ഞത്. നിഫ്റ്റി, വ്യാപാരം തുടങ്ങിയത് 1000 പോയിന്റ് തകർച്ചയിലാണ്. അതിനിടെ ട്രംപിന്റെ നയങ്ങൾക്കെതിരെ അമേരിക്കയിൽ ജനങ്ങൾ പ്രതിഷേധത്തിലാണെന്ന റിപ്പോർട്ടുകളുമുണ്ട്. അമേരിക്കൻ ഉത്പന്നങ്ങൾക്ക് ചൈന തീരുവ ഏർപ്പെടുത്തുകയും ചെയ്തു.

✪✪✪

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ വയനാട്ടിലെ 14 കേന്ദ്രങ്ങളിൽ അമൃത വിശ്വവിദ്യാപീഠത്തിന്റെ ആഭിമുഖ്യത്തിൽ ഉരുൾപൊട്ടൽ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കും. പദ്ധതിയ്ക്കായി ഫീൽഡ് പ്രവർത്തനങ്ങൾ ആരംഭിച്ചു. നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന

സംവിധാനങ്ങൾ വരുന്നതോടെ ഉരുൾപൊട്ടൽ സാധ്യതകൾ മുൻകൂട്ടി അറിയാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്.

.........വോയ്സ്.......

✪✪✪

മുഖ്യമന്ത്രിയുടെ മകൾ വീണാവിജയനെതിരായ കേസ് പാർട്ടി നേതാവിന്റെ മകളായതുകൊണ്ടാണെന്നും വ്യക്തിപരമല്ലെന്നും CPIM ജനറൽ സെക്രട്ടറി MA ബേബി പറഞ്ഞു. അതുകൊണ്ടാണ് കേസ് രാഷ്ട്രീപരമായും നിയമപരമായും നേരിടുമെന്ന് പറഞ്ഞതെന്നും അദ്ദേഹം മധുരയിൽ പറഞ്ഞു. വീണയുടെ കമ്പനിയുടേത് സുതാര്യമായ ഇടപാടാണെന്നും ബേബി വ്യക്തമാക്കി.

✪✪✪

സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് - SFIO സമർപ്പിച്ച കുറ്റപത്രത്തിലെ തുടർ നടപടികൾ നിർത്തിവെക്കണമെന്നാവശ്യപ്പെട്ട് കരിമണൽ കമ്പനിയായ CMRL  സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും.  SFIO യുടെ അന്വേഷണ റിപ്പോർട്ട് കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നും അനുമതിയില്ലാതെ തുടർ നടപടികൾ പാടില്ലെന്നുമാണ് CMRL ന്റെ ആവശ്യം.  മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണയുടെ കമ്പനിയായ എക്സാലോജിക്കിന് പണം നൽകിയതുമായി ബന്ധപ്പെട്ടാണ് കൊച്ചിയിലെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

✪✪✪

സ്വർണവിലയിൽ ഇടിവ്. പവന് 200 രൂപ കുറഞ്ഞ് 66,280 രൂപയായി.

✪✪✪

മലപ്പുറത്ത് ചട്ടിപ്പറമ്പിലെ വാടക വീട്ടിൽ പ്രസവത്തെ തുടർന്ന് യുവതി മരിച്ച സംഭവത്തിൽ പൊലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു. കളമശേരി മെഡിക്കൽ കോളേജിലെ  പോസ്റ്റ് മോർട്ടത്തിന് ശേഷം തുടർനടപടികൾ സ്വീകരിക്കും. പെരുമ്പാവൂർ സ്വദേശി അസ്മയുടെ പ്രസവം കഴിഞ്ഞ് രക്തസ്രാവം ഉണ്ടായിട്ടും ഭർത്താവ് ആശുപത്രിയിൽ കൊണ്ടുപോയില്ലെന്ന് ആരോപിച്ച കുടുംബം മരണത്തിൽ പരാതിയുണ്ടെന്നും അറിയിച്ചു.

✪✪✪

ഗോവയിലെ മഡ്ഗാവിൽ ISL ഫുട്ബോളിൽ രണ്ടാം സെമിയുടെ രണ്ടാം പാദത്തിൽ ഇന്ന് മോഹൻ ബഗാൻ, ജംഷഡ്പൂർ FC യുമായി ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

പന്തളം രാജകുടുംബാംഗമായ തിരുവോണം നാൾ അംബതമ്പുരാട്ടി അന്തരിച്ചതിനെ തുടർന്ന് പന്തളം വലിയ കോയിക്കൽ ശ്രീധർമ്മശാസ്താ ക്ഷേത്രം ഈ മാസം 16 വരെ അടച്ചു. 87 വയസ്സായിരുന്ന അംബതമ്പുരാട്ടിയുടെ അന്ത്യം ഇന്നലെയായിരുന്നു. സംസ്കാരം രാവിലെ തൃശ്ശൂർ പാറമേക്കാവ് ശാന്തി ഘട്ടിൽ നടത്തി.

✪✪✪

എഴുത്തുകാരനും പ്രഭാഷകനും സാംസ്കാരിക പ്രവർത്തകനുമായ കോഴിക്കോട് പൂക്കാട് സ്വദേശി ശിവൻ തെറ്റത്ത് നിര്യാതനായി. ഇന്നലെ വൈകിട്ട് കണ്ണൂർ പയ്യന്നൂർ വെള്ളൂരിലെ കുടുംബ സുഹൃത്തിന്റെ വീട്ടിൽ കുഴഞ്ഞു വീഴുകയായിരുന്നു. 53 വയസ്സായിരുന്നു.

സംസ്കാരം വൈകിട്ട് കൊയിലാണ്ടി പൂക്കാട് കാഞ്ഞിലശ്ശേരിയിലെ വീട്ടുവളപ്പിൽ നടത്തും.

✪✪✪

മലപ്പുറം ജില്ലയെക്കുറിച്ച് വെള്ളാപ്പള്ളി നടേശൻ നടത്തിയ പരാമർശം അവജ്ഞയോടെ തള്ളിക്കളയണമെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് സയ്യിദ് ജിഫ്രി മുത്തുക്കോയ തങ്ങൾ പറഞ്ഞു. ജില്ലയിൽ ആർക്കും സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സിയാബ് TP*
*News Team: ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*